# കവിയുടെ ഗദ്യം

## ആത്മാരാമൻ

'ഞങ്ങൾക്ക് ഉള്ള അഭിപ്രായം തുറന്നു പറയുന്നതുകൊണ്ട് ഒരാപത്തും സംഭവിക്കാൻ പോകുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ തിരഞ്ഞെടുപ്പിന് നിൽക്കാൻ പോകുന്നില്ല. പിന്നെ വഴിക്കുവഴിയെ ആസ്ഥാന കവിപ്പട്ടത്തിന്റെ നമ്പിടിസ്ഥാനം എന്റെ ഊഴത്തിന് എത്തുകയാണെങ്കിൽ അപ്പോഴേക്ക് എന്റെ അറുപതാം ശ്രാദ്ധദിനവും കഴിഞ്ഞിരിക്കും' – 1951ൽ മദിരാശിയിൽ വെച്ച് നടന്ന ഒരു സാഹിത്യസമ്മേളനത്തിലാണ് ഇടശ്ശേരി ഇങ്ങനെ പ്രസംഗിച്ചത്. ഇടശ്ശേരിക്ക് തെറ്റി. എന്തിനറുപത്? ആറാം ശ്രാദ്ധദിനത്തിനു മുമ്പുതന്നെ ചോപ്പന്മാരുടെയും വെള്ളത്തൊപ്പിക്കാരുടെയും സംഘങ്ങൾ. ഇടശ്ശേരിയെ തങ്ങളുടെ കവിയായി അവരോധിച്ചുകഴിഞ്ഞിരുന്നു.

വൈലോപ്പിള്ളി ഇത് അന്നേകണ്ടറിഞ്ഞിരുന്നു; ഇന്നലെ മരിച്ച കുയിലിന്റെ ജഡം നോക്കി, ഇവൻ തങ്ങളുടെ ചേരിക്കാരനായിരുന്നോ എന്നു പരിശോധിക്കുകയാണിവരെന്ന് ഇടശ്ശേരിയെ പ്രാഥമികകല്പനയിലുള്ള അലൂനതയുടേയും, ജീവിതപരിചയത്തിന്റെയും, മനുഷ്യസ്നേഹത്തിന്റെയും, സത്യസന്ധതയുടെയുമെല്ലാം പേരിൽ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ആ വരകവി രോഷം കൊണ്ടിരുന്നു. ഇടശ്ശേരിയുടെ ഒരു കവിത കഷ്ടിച്ച് ആധുനികമായേക്കുമെന്ന് എഴുതിയ ശ്രീ കെ. സച്ചിദാനന്ദൻ അപ്പോഴേക്ക് പതിവുപോലെ തന്റെ നിലപാട് മാറ്റി ഇടശ്ശേരിയെക്കുറിച്ച് രചിച്ച കവിത തീവ്രവാദികളുടെ സമ്മതിദാനമായിരുന്നു. കവിതച്ചൊൽക്കാഴ്ചകളെന്ന പേരിൽ അന്നു പ്രചരിപ്പിച്ചിരുന്ന മത്ത വിലാസങ്ങളിൽ ഇടശ്ശേരിക്കവിതകൾകൂടി ഉൾപ്പെട്ടു തുടങ്ങി. എന്തിനേറെ! നമ്മെ നയിക്കാൻ തുനിഞ്ഞിറങ്ങിയ അല്പായുസ്സായിപ്പോയൊരു രാഷ്ട്രീയകക്ഷി വഴിയോരച്ചുവരുകളിൽ 'അധികാരം കൊയ്യണമാദ്യം നാം', 'കുഴിവെട്ടി മൂടുക വേദനകൾ', എന്നെല്ലാം എഴുതിവെക്കുകയും ചെയ്തു. ഈ കോലാഹലങ്ങൾക്കിടയിൽ ജീവിതത്തിലും സാഹിത്യത്തിലും ഇടശ്ശേരിയുടെ സന്തതസഹചാരികളായിരുന്ന സുഹൃത്തുക്കൾ ധനികഗൃഹത്തിൽ കല്യാണം കഴിച്ചുകൂടിയ യുവാവിന്റെ ജ്ഞാതിസംഘത്തെപ്പോലെ ആഹ്ലാദസമ്മിശ്രമായ വിഷാദത്തിന് അടിപെട്ടിട്ടുണ്ടാകണം. അതെന്തായാലും മേൽപ്പറഞ്ഞതെല്ലാം ഇടശ്ശേരിക്കവിതയുടെ നേർക്ക് പ്രബുദ്ധമായ സഹൃദയത്വത്തിന്റെ പ്രതികരണവിശേഷങ്ങളാണെന്നു വിശ്വസിക്കാൻ വിഷമം. അങ്ങനെ തത്തത്ക്കാലീനങ്ങളായ ആവശ്യങ്ങൾക്കല്ലാതെ, ഇടശ്ശേരിക്കവിതയോട് നിതാന്തമായ പ്രണയംവെച്ചുപോരുന്ന ജിജ്ഞാസുക്കൾക്ക് തങ്ങളുടെ പ്രിയകവിയുടെ ജീവിതത്തിലേക്കും ദർശനത്തിലേക്കും അനന്യലബ്ധമായ ഉൾക്കാഴ്ചകൾ നൽകുന്നുവെന്നതാണ് 'ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ' എന്ന ഈ സമാഹാരത്തിന്റെ പ്രാധാന്യം. ഇടശ്ശേരിയെ നേരിൽക്കാണാൻ ഭാഗ്യമുണ്ടായില്ലെന്ന നിരാശതയെ അദ്ദേഹത്തിന്റെ ചിത്രങ്ങളും കൈപ്പടയും കണ്ടും,' സഹചരർ പറയാറുള്ള കഥകൾ കേട്ടും സന്തർപ്പണം ചെയ്തു പോന്ന അസ്മാദൃശർക്കാകട്ടേ, ഇടശ്ശേരിക്കവിതകളുടെ സമ്പൂർണ സമ്പുടത്തിന്റെ തൊട്ടുപിന്നാലെ വന്ന ഈ ഗ്രന്ഥത്തിന്റെ പ്രകാശനം എത്രകണ്ട് ആഹ്ലാദകരമാണെന്ന് പറഞ്ഞറിയിക്കവയ്യ.

ഇടശ്ശേരിക്കവിതകളെ കുറിച്ചുള്ള അന്വേഷണത്തിന്നിടയിലാണ് ഈ ലേഖനങ്ങൾ തന്റെ ദൃഷ്ടിയിൽ പെട്ടതെന്നും അവയെ ഏകത്ര ലഭ്യമാക്കുക എന്ന എളിയ ഉദ്ദേശ്യം മാത്രമേ ഈ ഉദ്യമത്തിനുള്ളൂ എന്നും സമ്പാദകനായ പ്രൊഫ. കെ. ഗോപാലകൃഷ്ണൻ തന്റെ മുഖലേഖനത്തിൽ പറയുന്നുണ്ട്. പ്രബന്ധങ്ങളെക്കുറിച്ച് അത്യന്താപേക്ഷിതമായ സൂചനകൾപോലും നൽകാഞ്ഞതിനുള്ള ഈ മുൻകൂർ ജാമ്യാപേക്ഷ അനുവദിക്കണമോ എന്നത് ആലോചിക്കേണ്ട വിഷയമാണ്. ഇടശ്ശേരിയുടെ ഓർമക്കുറവുകൊണ്ടും സമ്പാദകന്റെ നോട്ടക്കുറവുകൊണ്ടും പ്രബന്ധങ്ങളിൽ അങ്ങിങ്ങു പിണഞ്ഞിട്ടുള്ള ചില്ലറ തെറ്റുകളോർത്തുകൊണ്ടല്ല, പിന്നെയോ, പല ലേഖനങ്ങളും വായിച്ചു കഴിയുമ്പോഴും അവിശ്രാന്തമായിത്തന്നെ തുടരുന്ന ജിജ്ഞാസയെ ഓർത്തുകൊണ്ടാണിതു പറയുന്നത്. പൊന്നാനിയിലെ സുഹൃദ് സംഘത്തിലുണ്ടായിരുന്ന സാഹിത്യ വിദ്യാർത്ഥിനിയാര്, 'പൂതപ്പാട്ട്' പ്രക്ഷേപണം ചെയ്യുന്നതിനുവേണ്ടി റെക്കോർഡ് ചെയ്യുന്ന നേരത്ത് മുന്നിലുണ്ടായിരുന്ന, കവിതാമർമജ്ഞനെന്ന് ഇടശ്ശേരി വിശേഷിപ്പിക്കുന്ന, ആ ഉദ്യോഗസ്ഥനാര് തുടങ്ങിയവ കണ്ടുപിടിക്കുക ഇപ്പോൾത്തന്നെ ദുഷ്കരമാണെന്നിരിക്കെ പിൽക്കാലത്തെ വായനക്കാർക്കുണ്ടാവുന്ന വൈഷമ്യം ഊഹിക്കാവുന്നതേയുള്ളുവല്ലോ. ഇത്ര ഭംഗിയോടെ സംവിധാനം ചെയ്യപ്പെട്ട ഈ ഗ്രന്ഥത്തിൽ അത്രയേറെയായിക്കാണുന്ന അച്ചുപിഴകളാകട്ടെ, ശീർഷകങ്ങളിലേക്കു പോലും സംക്രമിച്ചിരിക്കുന്നു.

ഒരു കവിയുടെ വളർച്ച എന്നു പൊതുവെ പേരിടാവുന്നവയാണ് ഈ സമാഹാരത്തിലെ പ്രധാന ലേഖനങ്ങൾ. കടുത്ത ദാരിദ്ര്യം കാരണം എട്ടാം ക്ലാസ്സിന്നപ്പുറം പഠിക്കാൻ കഴിയാതെ ആലപ്പുഴയിൽ വക്കീൽ ഗുമസ്തപ്പണിക്കെത്തിയ ഇടശ്ശേരി, തന്റെ ആദ്യകാലമിത്രമായ മാഞ്ഞൂർ പരമേശ്വരൻ പിള്ളയൊത്ത് നടത്തിയ സാഹിത്യരചനാപരിശീലനശ്രമങ്ങൾ അശിക്ഷിതപടുത്വം ഭാവിക്കുന്ന ഇളംമുറക്കാരായ കവികൾക്ക് ഒരു സാധനാപാഠമാകേണ്ടതാണ്, ഈ അഭ്യാസബലമാണ് പൊന്നാനി സാഹിത്യപ്രകരണത്തിലേക്ക് മടങ്ങിയെത്തിയ ഇടശ്ശേരിയെ കാലിടറാതെ നിർത്തിയത്. ഈ സാഹിത്യസഖ്യത്തിലെ പ്രമുഖരെക്കുറിച്ചുള്ള നർമഭാസുരമായ സ്മരണകളാണ് പ്രബന്ധങ്ങളിലെ ഏറ്റവും ഹൃദയാവർജകമായ ഭാഗം. കുബ്ജകളായ കവിതകളെ സുന്ദരാങ്ഗികളാക്കി മാറ്റുന്ന കുട്ടികൃഷ്ണമാരാര്, നേരിയ സാഹിത്യക്കമ്പത്തിന്മേൽ കൂറ്റൻ വേദാന്തചിന്തകൾ ഓവർലോഡ് കയറ്റി ഉന്തിക്കൊണ്ടുപോകുന്ന പി.സി.കുട്ടികൃഷ്ണൻ; മൊട്ടിലെ കരിഞ്ഞുപോയ കല്പകപ്പൂവായ ഇ.കുമാർ ഇത്യാദി തൂലികാചിത്രങ്ങൾ, ഉത്തിഷ്ഠമാനരായിരുന്ന ഈ സുഹൃത്കവികളുടെ കൊച്ചു കൊച്ചസൂയകൾ, താന്താങ്ങളുടെ കവിതകളെക്കുറിച്ച് അവർ നടത്തിപ്പോന്ന നിർദയ വിമർശങ്ങൾ – എല്ലാം അവിസ്മരണീയങ്ങൾ തന്നെ. എങ്കിലും ഈ കൂട്ടത്തിൽ ഇടശ്ശേരിക്ക് ഏറ്റവും പ്രിയം ചെറുപ്പന്നേ നിര്യാതനായ ഇ. നാരായണനോടായിരുന്നു. ഏതു ദുരന്തത്തിലും തന്റെ ആചാര്യനായി ഇടശ്ശേരി കരുതിപ്പോന്നത് ഈ പ്രേഷ്ഠമിത്രത്തെയായിരുന്നു. ശക്ത്യുപാസകനെന്ന് ആരൊരാളെ നാം വാഴ്ത്തുന്നുവോ, ആ ഇടശ്ശേരിക്ക് ഒരു ബലിഷ്ഠഭിത്തി പോലെ ചാരുകൊടുത്തിരുന്നുവത്രേ, പ്രായംകൊണ്ട് ഇളപ്പമായിരുന്ന ഈ കവി. ഈ സുഹൃത്തിന്റെ അന്ത്യോപചാരത്തിന്നായി ഭാരതപ്പുഴയുടെ തീരത്ത് ചെന്നുനിന്നതോർത്തു കൊണ്ടെഴുതിയ ലേഖനമാകട്ടെ, ഇടശ്ശേരിസ്സാഹിത്യത്തിലെ ഒരു അനന്വയമാണ്; പുത്രവിയോഗത്തിൽപ്പോലും ക്രൂരതയുടെ ദയാമയമായ മുഖം ദർശിച്ച ഇടശ്ശേരിയെ ആടിയുലഞ്ഞു കണ്ടത് ആകെ ഈയൊന്നിൽ മാത്രമാണ്.

ഇടശ്ശേരിയുടെ തന്നെ വാക്കുകളിൽ, ഈ നിളാതീരം പോലെ 'ഞങ്ങളുടെ ചിന്താഗതിയിലും, സൗന്ദര്യബോധത്തിലും ഇത്രയധികം സ്വാധീനത ചെലുത്തിയിരുന്ന മറ്റൊരു ഭൂവിഭാഗവുമില്ല.' അവിടെപ്പുലർന്നുപോന്ന സാഹിത്യസദസ്സിലെ സാമാജികന്മാരുടെ രചനകളിൽ കാണുന്ന ആശയപരമായ

ഏകീഭാവം പോലെ അത്രയ്ക്ക് വിധ്യാത്മകമായ മറ്റൊരു ദൃഷ്ടാന്തം ഭാഷയിൽ വേറെയില്ലെന്നും തോന്നുന്നു. പി. സി.യുടെ കഥകളിലേയും ഇടശ്ശേരിയുടെ കവിതകളിലേയും ദർശനത്തിന്റെ ഏകാത്മകതയും ഭദ്രതയും ദാർഢ്യവും കണ്ടെത്തുന്നത് രസകരമായിരിക്കും, രചനയിൽ അക്കിത്തവും കടവനാട് കുട്ടികൃഷ്ണനും ഇടശ്ശേരിയെ എത്രത്തോളം പിന്തുടരുന്നുവെന്നും എത്രകണ്ട് അതിജീവിക്കുന്നുവെന്നും നോക്കിപ്പഠിക്കുന്നതും. രചനയുടെ ബാഹ്യതലം നിൽക്കട്ടെ. അക്കിത്തത്തിന്റെ കവിതയിൽ അലംഭാവമില്ലാത്തവണ്ണം ആവർത്തിച്ചുവരുന്ന ധർമവ്യസനിതയെന്ന പ്രമേയം ഇടശ്ശേരിയുടെ നേർപാരമ്പര്യമാകുന്നു. അമാർക്സീയനായതുകൊണ്ട് അക്കിത്തത്തിന്റേയും, അല്പപ്രസിദ്ധനായതു കൊണ്ട് കടവനാടന്റേയും കവിതകൾ വായിക്കേണ്ടെന്നുവെക്കുന്ന ഭാവുകത്വത്തോട് അസൂയപ്പെട്ടിട്ടു കാര്യമില്ല. പ്രശസ്തിയുടേയും പിന്തുണയുടേയും കാര്യത്തിൽ പിൻനിരക്കാരായ ചുരുക്കം ചില കവികളുടെ കൈയിലാണ് ഈ ഇടശ്ശേരി പാരമ്പര്യം ഭദ്രമായിരിക്കുന്നതെന്നു കൂടി കുറിച്ചുകൊള്ളട്ടെ.

'ധർമം, ധർമം, ധർമം, തുരുതുരെ വന്നെന്റെ വീടു വളയുന്നൂ' എന്നെഴുതിയതാരാണ്? അതേ, ധർമാന്വേഷണമാണ് ഇടശ്ശേരിയുടെ കേന്ദ്രപ്രമേയം. എവിടെ വെച്ചാണ് നന്മതിന്മകളും സത്യാസത്യങ്ങളും വേർതിരിയുന്നത്? കാലദേശനിരപേക്ഷമായ ധർമാനുശാസനങ്ങളുണ്ടോ? ധർമശാസ്ത്രങ്ങളുടെ സാംഗത്യമെന്ത്? എന്നീവണ്ണം സദാവികസ്വരമാണ് പ്രശ്നങ്ങളുടെ പരിധി. വിനീതമെങ്കിലും നിശ്ശങ്കമാണ് ഇവയെക്കുറിച്ച് ഇടശ്ശേരിയുടെ നിലപാട്. ധർമാധർമങ്ങളുടെ അതിർവരമ്പുകൾ സൂക്ഷ്മാത്സൂക്ഷ്മതരങ്ങളാണ്. അതിനാൽ മാറിവരുന്ന സാഹചര്യങ്ങളിൽ അവയെ വ്യാഖ്യാനിക്കുകയെന്നതാണ് കവികർമം, ദുർനിവാരമായ ദുഃഖത്തെ കീഴ്പ്പെടുത്തുവാനുപകരിക്കുന്നു എന്നതാണ് ധർമശാസ്ത്രങ്ങളുടെ പ്രസക്തി എന്നിങ്ങനെ. കാലാന്തരത്തിൽ ധർമശാസ്ത്രങ്ങൾക്കുണ്ടായ ദുഷ്പരിണതികളും ഇടശ്ശേരി കാണാതിരിക്കുന്നില്ല – 'അനഭിമതനായ ഒരു പുരുഷൻ, അയാൾ ഭർത്താവായിപ്പോയെന്ന കാരണം കൊണ്ട്, ആമരണം ബലാത്സംഗം ചെയ്യപ്പെടുന്ന അനുകമ്പാർഹയായ ഒരു സ്ത്രീയെ പതിവ്രതയെന്നു പുകഴ്ത്താൻ സാമൂഹ്യബോധമുള്ള ഒരു സാഹിത്യനിർമാതാവ് കൂട്ടാക്കുകയില്ല. തെറ്റായ അടിസ്ഥാനങ്ങളിൽ ഉറച്ചുനിന്നിരുന്ന, കുടുംബം എന്ന സമൂഹത്തിന്റെ സുപ്രധാനഘടകം സത്യത്തിന്റെ വെളിച്ചത്തിൽ തകരുകയാണ്. അടിത്തറ മാറ്റിയേ പറ്റൂ.'

'ഒരു കട്ടിലിൽ പെണ്ണോ നാഥനോ താൻ കാമിക്കും
ഉരുവെ സ്വപ്നം കണ്ടു പയ്യാരം പുലമ്പുന്നു'

എന്ന് വൈലോപ്പിള്ളി അന്യത്ര ചിത്രീകരിച്ചത് ഇതേ ദുരന്തത്തെയാണ്. ഇടശ്ശേരിയോളം തന്നെ ധർമാശ്രിതനായ കവിയായിരുന്നു വൈലോപ്പിള്ളിയും. നാടിന്റെ ചെറുതും വലുതുമായ ഭൗതികപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സ്നേഹത്തേക്കാളും നീതിയെ, ധർമത്തെയാണ് താൻ തേടിപ്പിടിച്ച് സർവാത്മനാ ആശ്രയിക്കുന്നതെന്ന് അദ്ദേഹം രേഖപ്പെടുത്തിവെച്ചിട്ടുണ്ടല്ലോ. പരസ്പരം അറിയിക്കാതെയെങ്കിലും ഈ കവികൾ അവതരിപ്പിച്ച ജുഗൽബന്ദിയുടെ തന്ത്രീലയസമന്വയമാണ്, ഈ നൂറ്റാണ്ടിന്റെ മൂന്നാം പാദത്തിലെ ഭാഷാകവിതയുടെ ഏറ്റവും വലിയ ഒരു ധന്യത.

ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടാനും ഗൃഹനാഥൻ എന്ന നിലയിൽ തന്റെ ധർമങ്ങൾ നിർവഹിക്കാനും വേണ്ടി കവിതേതരമായ ഒരു കർമമണ്ഡലത്തിൽ വ്യാപരിക്കേണ്ടിവന്നതിനെക്കുറിച്ച് ഇടശ്ശേരിക്ക് ഒട്ടൊരു വ്യാകുലതയുണ്ടായിരുന്നുവെന്നു തോന്നുന്നു. 'ജീവിതവൃത്തിയുടെ പല്ലൻ ചക്രങ്ങൾ മാംസത്തിൽ ആഞ്ഞിറങ്ങിക്കൊണ്ട് മുമ്പോട്ടു തിരിയുമ്പോൾ ഏറെ നേരം ധ്യാനനിരതനായിരിക്കാൻ വയ്യ.' എങ്കിലും, ലോകവ്യവഹാരത്തിൽ നിന്ന് കിട്ടുന്ന അനുഭവവിജ്ഞാനത്തെ നിരാകരിച്ചുകൂടാ എന്നുതന്നെയാണ് വക്കീൽഗുമസ്തനായ ഈ കവിയുടെ ഉദ്ബോധനം. 'ദിവ്യതേജസ്സിനെ സാക്ഷാത്കരിക്കാൻ ഉൾത്തടം നിശ്ചലമാക്കുന്ന വഴിക്കുളത്തിന് വിഴുപ്പു കെട്ടുമായി വരുന്ന അലക്കുകാരനെ വിലക്കാൻ അധികാരമില്ല.' ഒന്നുകൂടി, മേലുദ്ധരിച്ച വരികൾ 'വഴിക്കുളം' എന്ന കവിതയെ എവ്വിധം ഓർമിപ്പിക്കുന്നുവോ, അതേപോലെ ഇടശ്ശേരിക്കവിതകളിൽ നിന്നുള്ള സൂചനാ സമൃദ്ധിയാൽ സ്മൃതിമധുരമാണ് മിക്ക പ്രബന്ധങ്ങളും. പൊന്നാനിയിൽ ഇടശ്ശേരി നടത്തിയ വ്യാകരണാധ്യാപനത്തിന്റെ സ്മാരകമാണ് 'അശോകമഞ്ജരി.' 'കനത്ത ജീവിതച്ചുമടും പേറി അത്രയും വിശ്വാസത്തോടെ തന്നെ വാർധക്യത്താൽ വിറയ്ക്കുന്ന കാലുകൾ ഉറപ്പിച്ചുവെച്ച് സ്വന്തം ജീവിതമാർഗത്തിൽ ഞാൻ മുന്നോട്ടു നീങ്ങുന്നു' എന്നു വായിക്കുമ്പോൾ 'ഒളിച്ചോട്ട'ത്തിലെ 'മിഴിനീരാൽ വഴുപ്പുറ്റ വഴി' ഓർക്കാതെ വയ്യ. 'അഭയം തേടി' എന്ന കവിത വായിച്ചതിൻ ഫലമായി ഇക്കൊല്ലം നാല് അയ്യപ്പന്മാർകൂടി മല ചവിട്ടാൻ പോയെങ്കിൽ, അവരുടെ പുണ്യത്തിനോ ക്ലേശത്തിനോ എനിക്ക് ഒരുത്തരവാദിത്വവുമില്ല. എന്നെഴുതുന്നേടത്ത് 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലെ ഒടുവീരടിയുടെ നിഴൽ വീഴുന്നില്ലേ?

'എന്തു ചെയ്താലും തെറ്റാമെന്നു
തോന്നുമ്പോൾ ചെയ്വ
തെന്തും നീയുറപ്പിച്ചു ചെയ്യുക-
യത്രേ വേണ്ടൂ'

എന്നതിന്റെ പരാവർത്തനമാണ് 'എന്റെ കാഴ്ചപ്പാട്' എന്ന ആദ്യലേഖനം. 'ഏതു ദാനവും ദാതാവിനെയല്ല, ദാനം സ്വീകരിക്കുന്നവനെ അധഃപതിപ്പിക്കും' എന്നെഴുതിയത് 'മൈനാകശൃംഗ'ത്തിന്റെ കർത്താവുതന്നെ. നന്മയും തിന്മയും എവിടെ വെച്ചാണ് വേർതിരിയുന്നതെന്ന് ഉത്കണ്ഠിതനായ കവിയാണ്, 'ഏതു ഗുഹയ്ക്കമോ, ഹാ, ധർമരഹസ്യം നാമറിവീല' എന്നും, 'ദുശ്ചരമല്ലോ ധർമം, പാരിത് ദുഃഖോല്ലാസം നൂനം' എന്നും എഴുതിയത്. 'ശപ്താചാരം' എന്ന കവിതയുടെ വിശദീകരണമായി തോന്നുന്നില്ലേ, തൊട്ടു മുന്നിലെ ഖണ്ഡികയിൽ ഉദ്ധരിച്ച വരികൾ? വാക്യഘടനയിലേക്കുകൂടി ഈ സാമ്യം വ്യാപിക്കുന്നുണ്ട് എന്നുകൂടി ഇവിടെ പറഞ്ഞുവെക്കണം.

നേര്, ഇടശ്ശേരിക്കവിതകൾ വായിക്കുമ്പോൾ അനുഭവിക്കുന്ന അതേ ഉജ്ജീവകമായ ഉന്മേഷമാണ് ഈ പ്രബന്ധങ്ങളും നൽകുന്നത്. ഇടശ്ശേരി ഇത് സാധിക്കുന്നത് രണ്ടു വിധത്തിലാണ്, ഒന്ന് ഋഷികല്പമായ തന്റെ അക്ഷോഭ്യതയാൽ. ഏത് അതിവാദത്തിനും താനെതിരാണ്. സാഹിത്യത്തിലുമതേ, രാഷ്ട്രീയത്തിലുമതേ. തന്റെ കവിതകൾ ഭദ്രരൂപങ്ങളല്ലെന്ന ആരോപണത്തിനുള്ള – അങ്ങനെ വാദിക്കുന്ന ചില നിരൂപകന്മാരും നമ്മുടെയിടയിലുണ്ടല്ലോ– മറുപടി, കനത്ത വ്യാകരണത്തെറ്റോ, നേർത്ത അനൗചിത്യശങ്കയോ ഇല്ലെങ്കിൽ താനവയെ മാറ്റാൻ ഇഷ്ടപ്പെടുന്നില്ല എന്നായിരിക്കും. ഭാവമോ രൂപമോ, ആദ്യം പിറക്കുന്നതേത് എന്ന ചോദ്യത്തിന് അവ ഒരുമിച്ചു പിറക്കുന്നു എന്നുത്തരം പറഞ്ഞശേഷം, ഭാവം പോലെത്തന്നെ രൂപവും സുവ്യക്താവയവരേഖകളോടെ ഉദയം ചെയ്യുന്നുവെന്നു പറയാൻ താനാളല്ല എന്ന് ഇടശ്ശേരി കൂട്ടിച്ചേർക്കും. എല്ലാ വിജ്ഞാനശാഖകളേയും സോഷ്യലിസം എന്ന ലക്ഷ്യത്തിലേക്കുള്ള

പ്രയാണത്തിന്ന് തേർച്ചക്രങ്ങളാക്കണമെന്ന് വാദിക്കുന്നവരെ, പറക്കുന്നു എന്നുവെച്ച് പൂമ്പാറ്റകൾ ബോംബർ വിമാനങ്ങളാകണമെന്ന് ശഠിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്, എന്ന് താൻ ഓർമിപ്പിക്കും. ഇപ്പറഞ്ഞതിലെ നർമമുണ്ടല്ലോ, അതാണ് ഉജ്ജീവകത്വത്തിന്റെ രണ്ടാം ഉപാധി. 'അളകാവലി'ക്കുള്ള അവതാരികയിൽ കുട്ടികൃഷ്ണമാരാര്, ഇടശ്ശേരിയുടെ നർമബുദ്ധിയാണ് അദ്ദേഹത്തെ മറ്റു കവികളിൽനിന്ന് വ്യവച്ഛേദിച്ചു നിർത്തുക എന്ന് നിരീക്ഷിച്ചിരുന്നു. എങ്കിലും എന്തൊരു നർമം! ഒരുദാഹരണമിതാ – 'എന്നെ ഹൈസ്കൂളിൽ അയച്ചു പഠിപ്പിക്കണമെന്ന് അമ്മ വളരെ മോഹിച്ചിരുന്നു. എന്തെങ്കിലും പണിയെടുത്ത് അമ്മയ്ക്ക് നാഴിക്കഞ്ഞി കൊടുക്കണമെന്ന് ഞാനും മോഹിച്ചിരുന്നു. ഈ രണ്ടു വാചകങ്ങളും സ്വയം പൂർണങ്ങളാണ്'. ഒന്നുകൂടി – 'നാഗരികരായ പൗരന്മാരുടെ ജീവിതം എനിക്ക് അപരിചിതമാണ്. അതിലും ഉപരിമണ്ഡലത്തെക്കുറിച്ച് സ്വർഗത്തെക്കുറിച്ചെന്ന പോലെ ചില ഊഹാപോഹങ്ങളും അന്ധാളിപ്പുകളും മാത്രമേ എനിക്കുള്ളൂ. അങ്ങനെയൊരാളുടെ കൃതികളും സമ്മാനിക്കപ്പെടുന്നു എന്നത് ഇന്നാട്ടിലെ സഹൃദയ പ്രാമുഖ്യത്തിന്റേയും ആ മണ്ഡലത്തിലെങ്കിലും എത്തിക്കഴിഞ്ഞിട്ടുള്ള സമത്വ ബോധാധിഷ്ഠിത സംസ്കാരത്തിന്റേയും ലക്ഷണമാണെന്ന് ഞാൻ വിശ്വസിക്കുന്നു.'

ഈ നർമത്തിന് ഏറ്റവും ശരവ്യയായിട്ടുണ്ടാവുക ഇടശ്ശേരിയുടെ ധർമപത്നി തന്നെയാകണം. 'ഗൃഹച്ഛിദ്രം' എന്നൊരു കവിതതന്നെയുണ്ടല്ലോ, ഈ വകുപ്പിൽ. 'ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ പുഷ്പബാണവിലാസത്തിന്നു ഞാൻ കുത്തിക്കുറിച്ചിട്ടിരുന്ന പരിഭാഷവരെയുള്ള നിരവധി കൃതികൾ, പദ്യരൂപത്തിലാണെന്നുള്ള ഒരേ കാരണംകൊണ്ട് ഒരേ നോട്ടു പുസ്തകത്തിൽ പകർത്തുവെക്കാൻ മാത്രം കവിതക്കമ്പവും വിഡ്ഢിത്തവും' – എന്നാണ് തന്റെ പത്നിയെക്കുറിച്ച് സാനുഭാവം നടത്തിയിട്ടുള്ള ഒരു പരാമർശം! നിഷാദിനി, കരുവാത്തി, ആയമ്മ എന്നെല്ലാം ഈ പ്രബന്ധങ്ങളിൽ പലവുരു വ്യവഹരിക്കപ്പെടുന്ന ശ്രീമതി ഇടക്കണ്ടി ജാനകിയമ്മയുടേയും ശ്രീമാൻ ഇടശ്ശേരി ഗോവിന്ദൻനായരുടേയും സുമാനുഷപർവത്തിന്റെ സ്വച്ഛതയും പ്രശാന്തിയും വെളിവാക്കിത്തരുന്നതാണ് മൂത്തമകൻ സതീശനാരായണൻ എഴുതിച്ചേർത്തിട്ടുള്ള 'ഓർമയിലെ ഇത്തിരിപ്പച്ചകൾ' എന്ന കുറിപ്പ്.